# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4880** — 24.07.2015 -ൽ മറുപടിക്ക്

## ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിരവധി കുഞ്ഞുങ്ങൾ വിവിധങ്ങളായ ജനിതകവൈകല്യ രോഗങ്ങളോടെ പിറന്നു വീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് 2013 മാർച്ച് മുതൽ തെരഞ്ഞെടുത്ത 44 ഗവൺമെന്റ് ആശുപത്രികളിൽ നടപ്പിലാക്കിയ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം വഴി ചില കുട്ടികൾക്ക് മെറ്റബോളിക് / ജനിതക രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം ജനിതക വൈകല്യങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് ന്യൂബോൺ സ്ക്രീനിംഗ് എന്ന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; ആദ്യഘട്ടത്തിൽ ഇത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ? | (ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക് / ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. താഴെ പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത്.<br>1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം<br>2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ<br>3. ഫിനെയിൽ കിറ്റോന്യൂറിയ<br>4. ജി 6 പി.ഡി. ഡെഫിഷ്യൻസി<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നാൽപ്പത്തിനാല് ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു . ആശുപത്രികളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു. പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്. ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൽറ്റ് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രികളിലേയ്ക്ക് ഇ -മെയിൽ വഴിയും ലഭ്യമാക്കുന്ന പ്രകാരം കുഞ്ഞിന് അടിയന്തിര ചികിത്സ ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**തിരുവനന്തപുരം ജില്ല**

എസ്.എ.റ്റി. തിരുവനന്തപുരം, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, ജില്ലാ മോഡൽ ആശുപത്രി പേരൂർക്കട, താലൂക്ക് ആശുപത്രി ചിറയിൻകീഴ്, താലൂക്ക് ആശുപത്രി നെടുമങ്ങാട്.

**കൊല്ലം ജില്ല**

ഗവൺമെന്റ് വിക്ടോറിയ ആശുപത്രി കൊല്ലം, താലൂക്ക് ആശുപത്രി കൊട്ടാരക്കര, താലൂക്ക് ആശുപത്രി പുനലൂർ, താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി.

**ആലപ്പുഴ ജില്ല**

മെഡിക്കൽ കോളേജ് (പി.പി. യൂണിറ്റ്), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ, താലൂക്ക് ആശുപത്രി ചേർത്തല.

**പത്തനംതിട്ട ജില്ല**

ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി അടൂർ, ജില്ലാ ആശുപത്രി കോഴഞ്ചേരി.

**ഇടുക്കി ജില്ല**

താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി നെടുംകണ്ടം, താലൂക്ക് ആശുപത്രി തൊടുപുഴ.

**കോട്ടയം ജില്ല**

മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ കോട്ടയം, ജില്ലാ ആശുപത്രി കോട്ടയം.

**എറണാകുളം ജില്ല**

ജനറൽ ആശുപത്രി എറണാകുളം, താലൂക്ക് ആശുപത്രി ആലുവ, താലൂക്ക് ആശുപത്രി നോർത്ത് പറവൂർ

**തൃശ്ശൂർ ജില്ല**

ജില്ലാ ആശുപത്രി തൃശ്ശൂർ, താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ, മെഡിക്കൽ കോളേജ് ആശുപത്രി തൃശ്ശൂർ.

**പാലക്കാട് ജില്ല**

ജില്ലാ ആശുപത്രി പാലക്കാട്,താലൂക്ക് ആശുപത്രി മണ്ണാർക്കാട്

**മലപ്പുറം ജില്ല**

ജില്ലാ ആശുപത്രി മഞ്ചേരി, താലൂക്ക് ആശുപത്രി നിലമ്പൂർ, താലൂക്ക് ആശുപത്രി പെരിന്തൽമണ്ണ, താലൂക്ക് ആശുപത്രി തിരൂർ, താലൂക്ക് ആശുപത്രി പൊന്നാനി.

**കോഴിക്കോട് ജില്ല**

മെഡിക്കൽ കോളേജ് ആശുപത്രി കോഴിക്കോട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോഴിക്കോട്, താലൂക്ക് ആശുപത്രി കുറ്റ്യാടി, താലൂക്ക് ആശുപത്രി താമരശ്ശേരി.

**വയനാട് ജില്ല**

ജില്ലാ ആശുപത്രി മാനന്തവാടി, താലൂക്ക് ആശുപത്രി ബത്തേരി.

**കണ്ണൂർ ജില്ല**

ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി തളിപ്പറമ്പ്.

**കാസറഗോഡ് ജില്ല**

ജനറൽ ആശുപത്രി കാസറഗോഡ്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്.

സെക്ഷൻ ഓഫീസർ